(ബി) പുരോഗതി

1. മുരിങ്ങോരി പോസ്റ്റ്ഓഫീസ് മുടക്കണ്ടി പനയത്താംപറമ്പ് റോഡ് - 75% പൂർത്തീകരിച്ചു.

2. വായന്നൂർ വായനശാല പുത്തലറ കോളയാട് റോഡ് - 25% പൂർത്തീകരിച്ചു.

3. കടുകപ്പാലം മുടക്കോഴി റോഡ് - പ്രവൃത്തി ആരംഭിച്ചു.

4. കൊന്നരിക്കുന്ന് പുത്തക്കുഴി കോട്ടത്തുപറമ്പ് റോഡ് - 20% പൂർത്തീകരിച്ചു.

5. അണങ്ങോട് കാലിക്കേയം റോഡ് -20% പൂർത്തീകരിച്ചു.

6. പാലപ്പുഴ പെരുമ്പുന്ന റോഡ് - പ്രവൃത്തി ആരംഭിച്ചു.

ക്രമനമ്പർ 7 മുതൽ 14 വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ച സെൻട്രൽ പൊയിലൂർ-വേങ്ങത്തോട് റോഡ്, സെൻട്രൽ പൊയിലൂർ-ചമതക്കാട്-കുഴിക്കൽ വടക്കെ പൊയിലൂർ റോഡ് എന്നീ പ്രോജക്ടുകളുടെ പ്രൊപ്പോസൽ സമർപ്പിച്ച സമയം സെക്ടറൽ അലോക്കേഷൻ ലഭ്യമല്ലാതിരുന്നതിനാൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണം

171 (4795) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എത്ര മൈക്രോൺ കനമുള്ള പ്ലാസ്റ്റിക്ക് സഞ്ചികൾ ഉപയോഗിക്കാനാണ് ഇപ്പോൾ അനുവാദമുള്ളത് ;

(സി) ഇത് സംബന്ധമായ തുടർ പരിശോധനകൾ നടത്തിവരുന്നുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോഗം നിയന്ത്രിക്കുന്ന കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിരോധിച്ച ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ദൃശ്യശ്രവ്യ പത്രമാധ്യമങ്ങളിലൂടെ ബൃഹത്തായ പ്രചരണ പ്രവർത്തനം തുടങ്ങിയവ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പ്ലാസ്റ്റിക് ക്യാരീബാഗിന്റെ ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. ഈ നിരോധനം കാര്യക്ഷമമാകണമെങ്കിൽ 50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതനുസരിച്ച് 2008 മാർച്ചിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ് നിരോധനം ലംഘിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കട പരിശോധന നടത്തുകയും നിരോധിച്ച പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. 30 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, പോലീസ് വകുപ്പിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ജില്ലാ കളക്ടർ, പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ബി) 30 മൈക്രോണിനു മുകളിലുള്ളതും 20 X 30 സെന്റീമീറ്ററിൽ കൂടുതൽ വലിപ്പമുള്ളതുമായ പ്ലാസ്റ്റിക് സഞ്ചികൾ ഉപയോഗിക്കാനാണ് ഇപ്പോൾ അനുവാദമുള്ളത്.

(സി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇടയ്ക്കിടെ കടകൾ പരിശോധിച്ച് നിരോധിച്ച പ്ലാസ്റ്റിക് സഞ്ചികൾ വിൽപ്പന നടത്തുന്നത് പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. കഴിഞ്ഞ വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ നഗരസഭകളും പഞ്ചായത്തുകളും കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഫൈൻ ഈടാക്കി കേസുകൾ തീർപ്പാക്കുകയാണ് ചെയ്യുന്നത്.

പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കണമെന്ന ആവശ്യം

172 (4796) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിയെ തകർക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പകരം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly